ഉത്തരം

(എ) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് അനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും അക്കൗണ്ട്സ് എല്ലാ വർഷവും പരിശോധിക്കാറുണ്ട്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്, ഓംബുഡ്സ്മാന്റെ ഉത്തരവനുസരിച്ചുള്ള അന്വേഷണങ്ങൾ, പെർഫോമൻസ് ഓഡിറ്റ് അതോറിറ്റിയുടെ ചുമതലയിലുള്ള അന്വേഷണങ്ങൾ, ധനകാര്യ (ഇൻസ്പെക്ഷൻ വിംഗ്) വകുപ്പിന്റെ പരിശോധന എന്നിവയും നടത്താറുണ്ട്. ഈ ഓഡിറ്റുകളും പരിശോധനകളും അന്വേഷണങ്ങളും എല്ലാംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ ഉൾപ്പെടെയുള്ള ക്രമക്കേടുകൾ തടയുക എന്ന ലക്ഷ്യം വച്ച് നടത്തുന്നവയാണ്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

ഭവനനിർമ്മാണ ചട്ടങ്ങളിൽ ഇളവുകൾ

148(440) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഞ്ചായത്ത് മേഖലകളിൽ ഭവനനിർമ്മാണ ചട്ടങ്ങളിൽ എന്തെല്ലാം ഇളവുകളാണ് നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

6-6-2007-ലെ ജി.ഒ. (എംഎസ്.) നമ്പർ 150/2007/തസ്വഭവ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കിയിട്ടുണ്ട്. പഞ്ചായത്തുകൾക്കു മാത്രമായി പ്രത്യേക കെട്ടിട നിർമ്മാണ ചട്ടങ്ങൾ തയ്യാറാക്കി നടപ്പിലാക്കുന്നതുവരെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ആണ് എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കിയിട്ടുള്ളത്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവുകൾ അനുവദിക്കുന്നതിന് വ്യവസ്ഥകളില്ല. പഞ്ചായത്തുകൾക്ക് മാത്രമായി പ്രത്യേകം ചട്ടങ്ങൾ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. അവയിൽ സിംഗിൾ ഫാമിലി റസിഡൻഷ്യൽ ബിൽഡിംഗ്, ചെറുകിട കച്ചവട സ്ഥാപനങ്ങൾ, ചെറുകിട/പരമ്പരാഗത വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയെ പെർമിറ്റിൽ നിന്നും ഒഴിവാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ട്.

കെട്ടിട നികുതി

149(441) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിപ്പിച്ച കെട്ടിട നികുതി പിൻവലിക്കുന്ന കാര്യം പരിഗണനയിലുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിരക്കു വർദ്ധന പ്രാബല്യത്തിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ;

(സി) നിരക്കു വർദ്ധനയ്ക്ക് ആധാരമാക്കിയ മാനദണ്ഡം വിശദമാക്കുമോ;

(ഡി) നിരക്കു വർദ്ധനയ്ക്കെതിരെ ലഭിച്ച പരാതികൾ പരിശോധിക്കാൻ ഏർപ്പെടുത്തിയ സംവിധാനത്തെക്കുറിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വർദ്ധിപ്പിച്ച കെട്ടിട നികുതി 22-7-2009-ലെ സ.ഉ. (എം.എസ്.) 140/09/തസ്വഭവ നമ്പർ പ്രകാരം മരവിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള വാർഷിക വാടകയുടെ അടിസ്ഥാനത്തിലുള്ള വസ്തു നികുതി നിർണ്ണയ രീതി ഒഴിവാക്കി തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം, അതിന്റെ ഉപയോഗ രീതി, നിർമ്മാണത്തിന്റെ തരം, മറ്റു നിർണ്ണയിക്കപ്പെട്ട ഘടകങ്ങൾ എന്നിവ കണക്കിലെടുത്തുമാണ് വസ്തു നികുതി പരിഷ്കരിക്കുന്നത്. ഒരു ചതുരശ്ര മീറ്ററിന് ഒരു നിശ്ചിത നിരക്കിൽ അടിസ്ഥാന നിരക്ക് നിശ്ചയിച്ചും കെട്ടിടം സ്ഥിതി ചെയ്യുന്ന സോൺ, കെട്ടിടത്തിലേക്കുള്ള റോഡ് സൗകര്യം, കെട്ടിടത്തിന്റെ വിസ്തീർണ്ണം, കെട്ടിടത്തിന്റെ മേൽക്കൂരയുടേയും തറയുടെയും ചുവരുകളുടേയും നിർമ്മാണത്തിനുപയോഗിച്ചിരിക്കുന്ന വസ്തുക്കളുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം, കെട്ടിടത്തിന്റെ ഉപയോഗം എന്നിവ കണക്കിലെടുത്ത് ചില വർദ്ധനവുകളും ഇളവുകളും നൽകി കൃത്യമായി കണക്കു കൂട്ടി നികുതി നിശ്ചയിക്കാൻ വീട്ടുടമസ്ഥന് തന്നെ കഴിയുന്ന തരത്തിലുള്ളതാണ് നികുതി നിർണ്ണയ ഘടന.

(ഡി) ബാധകമല്ല.

കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിലെ ക്രമക്കേട്

150(442) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കെട്ടിട നിർമ്മാണ ചട്ടം നിലവിൽ വന്നതിനുശേഷം കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിലെ കാലതാമസവും ഗുരുതരമായ അഴിമതിയും അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കിയിട്ടുള്ളതും മൂന്ന്, രണ്ടാഴ്ച, ഒരുമാസം, ഒരു മാസത്തിലധികം എന്നിങ്ങനെ കെട്ടിക്കിടക്കുന്നതുമായ എത്ര അപേക്ഷകളുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly